സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലെ ജനകീയ ആസൂത്രണ പദ്ധതി (2011-2012) യിൽ ഉൾപ്പെടുത്തി പട്ടികജാതി/പൊതുവിഭാഗം യുവജനങ്ങൾക്കായി നടപ്പിലാക്കിയ JCB പരിശീലനം നടത്തുന്ന സ്ഥാപനങ്ങളെ തിരഞ്ഞെടുത്തതിലെ ക്രമക്കേട്- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.ഇ.അബ്ദുൾസലാമിന്റെ അച്ചടക്ക നടപടികളിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്

സ.ഉ.(സാധാ)നം. 1371/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, **17/05/2018**

പരാമർശം:
1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 01.06.2015 ലെ നം.E2(VE7/13 KLM))31862/2013 നമ്പർ കത്ത്.
2. മുൻ ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ശ്രീ.ഇ.അബ്ദുൾസലാമിന് നല്കിയ 20.10.2015 ലെ കുറ്റപത്രികയും കുറ്റാരോപണ പത്രികയും.
3. ശ്രീ.ഇ.അബ്ദുൾസലാം, മുൻ ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, സമർപ്പിച്ച 17.12.2015 ലെ പ്രതിവാദ പത്രിക.
4. ഗ്രാമവികസന കമ്മീഷണറുടെ 28.03.2016, 27.04.2018 എന്നീ തീയതികളിലെ നം.18807/എസ്റ്റാ എ 2/15/സി.ആർ.ഡി നമ്പർ കത്ത്.

ഉത്തരവ്

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലെ ജനകീയ ആസൂത്രണ പദ്ധതി (2011-2012) യിൽ ഉൾപ്പെടുത്തി പട്ടികജാതി/പൊതുവിഭാഗം യുവജനങ്ങൾക്കായി നടപ്പിലാക്കിയ JCB പരിശീലനം, ചെണ്ടമേള പരിശീലനവും ഉപകരണ വിതരണവും,യൂത്ത് ക്ലബ്ബിന് സ്പോർട്സ് കിറ്റ് വിതരണം എന്നിവ പ്രോജക്ടുകളിൽ അഴിമതി നടത്തിയിട്ടുണ്ടെന്ന ആരോപണത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ത്വരിത പരിശോധന നടത്തുകയും ശ്രീമതി. സെവന്തി കുമാരി (പ്രസിഡന്റ്,ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്), ശ്രീ.നജീബ് മണ്ണേൽ (വൈസ് പ്രസിഡന്റ് ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്), ശ്രീ. ഇ.അബ്ദുൽ സലാം, (ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്), ശ്രീമതി.ഗീത.സി (എസ് സി/എസ് എസ്റ്റി ഓഫീസർ, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്)ശ്രീ.ശ്രീകുമാർ. ബി, (ഇൻഡസ്ട്രീസ് ഡവലപ്പ്മെന്റ് ഓഫീസർ, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്) എന്നിവർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയും ശ്രീ. ഇ.അബ്ദുൽ സലാം , ശ്രീമതി.ഗീത.സി, ശ്രീ.ശ്രീകുമാർ. ബി, എന്നിവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും ടി പദ്ധതി നടപ്പിലാക്കിയതുമൂലം സർക്കാരിന് നഷ്ടമായ 1,62,630/-രൂപ (ഒരു ലക്ഷത്തി അറുപത്തി രണ്ടായിരത്തി അറുന്നൂറ്റി മുപ്പത് രൂപ മാത്രം) ശ്രീ.ഇ.അബ്ദുൽ സലാം , ശ്രീമതി.ഗീത.സി, ശ്രീ.ശ്രീകുമാർ. ബി, എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുവാനും ശ്രീമതി. സെവന്തി കുമാരി (പ്രസിഡന്റ്,ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്), ശ്രീ.നജീബ് മണ്ണേൽ (വൈസ് പ്രസിഡന്റ് ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്) എന്നിവർക്കെതിരെ പഞ്ചായത്ത് രാജ് അക്ട് വകുപ്പ് 35 പ്രകാരം നടപടി സ്വീകരിക്കുവാനും വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഗ്രാമവികസന വകുപ്പിൽ ഓച്ചിറ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീ.ഇ.അബ്ദുൾസലാമിനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ് 16 പ്രകാരം പരാമർശം (2) പ്രകാരം കുറ്റപത്രവും

കുറ്റാരോപണ മെമ്മോയും നല്കി. ടിയാൻ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ആയതിൽ കുറ്റം നിഷേധിക്കുകയും ചെയ്തു.

ശ്രീ.ഇ.അബ്ദുൾസലാം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ ഗ്രാമവികസന കമ്മീഷണർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. ശ്രീ.ഇ.അബ്ദുൽ സലാമിന്റെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ചകൾ സംഭവിച്ചിട്ടില്ലാത്തതിനാൽ ടിയാനെതിരെയുള്ള അച്ചടക്കനടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു. വിജിലൻസ് ഡയറക്ടറുടെ പരാമർശം (1)ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടതുകയുടെ 1/3 ഭാഗമായ 54,210/- രൂപ (1/3rd of 1,62,630/-) 24.04.2018 ലെ KL00074280320181 9M ചെലാൻ പ്രകാരം ROP 3604-00-911-99 എന്ന അക്കൗണ്ട് ശീർഷകത്തിൽ ശ്രീ.ഇ.അബ്ദുൽസലാം ശാസ്താംകോട്ട സബ്ട്രഷറിയിൽ ഒടുക്കിയിട്ടുള്ളതായി ഗ്രാമവികസന കമ്മീഷണർ 27.04.2018-ലെ കത്ത് പ്രകാരം അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലെ ജനകീയ ആസൂത്രണ പദ്ധതി (2011-2012) യിൽ ഉൾപ്പെടുത്തി പട്ടികജാതി/പൊതുവിഭാഗം യുവജനങ്ങൾക്കായി നടപ്പിലാക്കിയ JCB പരിശീലനം, ചെണ്ടമേള പരിശീലനവും ഉപകരണ വിതരണവും,യൂത്ത് ക്ലബ്ബിന് സ്പോർട്സ് കിറ്റ് വിതരണം എന്നിവ പ്രോജക്ടുകളിൽ നടന്ന ക്രമക്കേടിൽ മുൻ ഓച്ചിറ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറായ ശ്രീ.ഇ.അബ്ദുൽ സലാം കുറ്റക്കാരനാണെന്ന് തെളിയാത്ത സാഹചര്യത്തിൽ ടിയാനെ അച്ചടക്കനടപടികളിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ.ഇ.അബ്ദുൽസലാമിൽ നിന്നും ഈടാക്കിയ 54,210/- രൂപ ടിയാന് തിരികെ നല്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നല്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ. അജിത്ത് കുമാർ.ഐഎഎസ്

സെക്രട്ടറി

ശ്രീ.ഇ.അബ്ദുൽ സലാം, മുൻ ഓച്ചിറ ബ്ലോക്ക്ഡവലപ്പ്മെന്റ് ഓഫീസർ, ഓച്ചിറ ബ്ളോക്ക് പഞ്ചായത്ത്, കൊല്ലം (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
വിജിലൻസ് (ഇ) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ